**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

**റിവോൾവിംഗ് ഫണ്ട് പൌൾട്രി പ്രൊജക്റ്റ്**

**ഏവിയൻ റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്**

**ഫോൺ നമ്പർ : 8281028206**

---

**നമ്പർ:എ.ആർ.എസ്/ആർഎഫ്-112/2025(i)** **തിയതി : 01.01.2026**

---

## ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി തിരുവാഴാംകുന്ന് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ഏവിയൻ റിസർച്ച് സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്റ്റിന്റെ ഭാഗമായുള്ള ഫീഡ് മിൽ/ഫാമിൽ നിന്ന് തീറ്റയും അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമിലെ വിവിധ ഷെഡുകളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനത്തിനുള്ള കയറ്റിറക്ക് കൂലി ഉൾപ്പടെ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ **സ്വന്തമായി വാഹനമുള്ള** വാഹന ഉടമകളിൽ നിന്ന് മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻറെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്റ്റിൻറെ ഭാഗമായുള്ള ഫീഡ് മിൽ/ഫാമിൽ നിന്ന് തീറ്റയും അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമിലെ വിവിധ ഷെഡുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾക്കുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | |
|---|---|
| ക്വട്ടേഷൻ അയക്കേണ്ട വിലാസം | : സ്പെഷ്യൽ ഓഫീസർ & പി.ഐ,<br>റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്<br>എ.ആർ.എസ് തിരുവാഴാംകുന്ന്. |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയതി,സമയം | : **14.01.2026, 11:30 AM** |
| ക്വട്ടേഷൻ തുറക്കുന്ന തിയതി , സമയം | : **14.01.2026, 12.00 PM** |
| കരാർ പ്രാബല്യം | : 1 വർഷം |
| ക്വട്ടേഷൻ പ്രമാണങ്ങൾ സ്വീകരിക്കുന്ന ഓഫീസ് | : റിവോൾവിംഗ് ഫണ്ട് ഫീഡ് മിൽ ഓഫീസ് തിരുവാഴാംകുന്ന്. |

(ക്വട്ടേഷൻ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു)

REVOLVING FUND POULTRY PROJECT AVIAN RESEARCH STATION KVASU THIRUVAZHAMKUNNU

വിശദാംശങ്ങൾ

ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമുകളിലേക്ക്

| ക്രമ നമ്പർ | അളവ് | വാഹനം ടൺ അടിസ്ഥാനത്തിൽ സഞ്ചരിക്കുന്നതിനുള്ള നിരക്ക് (ഫീഡ് മില്ലിൽ നിന്നും ഫാമിലേക്കും തിരിച്ചുമുള്ള ദൂരം 3 കി.മി) |
|---|---|---|
| 1 | 0-1 ടൺ വരെ | |
| 2 | 1-2 ടൺ വരെ | |
| 3 | 2-4 ടൺ വരെ | |
| 4 | 4-6 ടൺ വരെ | |
| 5 | 6-8 ടൺ വരെ | |
| 6 | 8-10 ടൺ വരെ | |
| 7 | 10-12 ടൺ വരെ | |
| 8 | 12-14 ടൺ വരെ | |

ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമുകളിലേക്ക്

| ക്രമ നമ്പർ | ഇനം | നിലവിലെ അംഗീകൃത നിരക്ക് ചാക്കൊന്നിന് 12/- രൂപയാണ് ഇതിൽ അധികരിക്കാൻ പാടുള്ളതല്ല |
|---|---|---|
| 1 | കയറ്റുകൂലി | |
| 2 | ഇറക്കുകൂലി | |

നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻറെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിൻറെ ഭാഗമായുള്ള ഫീഡ് മിൽ/ഫാമിൽ നിന്ന് തീറ്റയും അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമിലെ വിവിധ ഷെഡുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾക്കുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

2.കരാറിന്റെ കാലയളവ് വർക്ക് ഓഡർ നൽകുന്ന തിയ്യതി മുതൽ ഒരു വർഷ കാലയളവിലേക്കാണ്. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർധിപ്പിക്കുന്നതല്ല.

3.ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമുകളിലേക്ക് വാഹനം ടൺ അടിസ്ഥാനത്തിൽ സഞ്ചരിക്കുന്നതിനുള്ള നിരക്ക് (ഫീഡ് മില്ലിൽ നിന്നും ഫാമിലേക്കുള്ള ദൂരം 3 കി മി) വ്യക്തമായി രേഖപ്പെടുത്തണം.

4.ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമിലെ ഷെഡുകളിലേക്ക് (14 ഷെഡ്) ആവശ്യാനുസരണം തീറ്റ വിതരണം ചെയ്യുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

REVOLVING FUND POULTRY PROJECT * AVIAN RESEARCH STATION * KVASU * THIRUVAZHAMKUNNU

5. ക്വട്ടേഷനോടൊപ്പം ഓടാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ പെർമിറ്റ്, ഇൻഷുറൻസ്, രജിസ്ട്രഷൻ സർട്ടിഫിക്കറ്റ് , ടാക്സ് സർട്ടിഫിക്കറ്റ് , പോലൂഷൻ സർട്ടിഫിക്കറ്റ് എന്നീ എല്ലാവിധ ഔദ്യോഗിക രേഖകളും നൽകേണ്ടതാണ്. കൃത്യമായ രേഖകൾ നൽകാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

6. ഫീഡ് കയറ്റിറക്കു ജോലി തിരുവിഴാംകുന്നിലെ അംഗീകൃത യൂണിയൻ തൊഴിലാളികളാണ് ചെയ്യുന്നത്.കയറ്റിറക്ക് തൊഴിലാളികൾക്കുള്ള കൂലി അതാത് സമയത്ത് തന്നെ കരാറുകാരൻ നൽകേണ്ടതാണ്.

**7.തിരുവിഴാംകുന്നിലെ അംഗീകൃത യൂണിയൻ തൊഴിലാളികളുടെ കയറ്റ് കൂലി നിലവിൽ ചാക്കൊന്നിന് 12/- രൂപ വെച്ചും ഇറക്കു കൂലി ചാക്കൊന്നിന് 12/- രൂപ വെച്ചും (ഫീഡ്മില്ലിൽ നിന്നും കയറ്റി ഫാമിൽ കൊണ്ടുപോയി ഇറക്കുന്നതിനു) മേൽ തുക കരാർ എട്ടെടുക്കുന്ന വ്യക്തി നൽകുകയും ഇൻവോയിസ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.**

8. തിരുവിഴാംകുന്നിലെ അംഗീകൃത യുണിയനുകൾ നിശ്ചയിക്കുന്ന നിരക്ക് വ്യത്യാസത്തിനു വിധേയമായി മാത്രമേ കയറ്റിറക്ക് കൂലിയിൽ പുനർനിർണ്ണയം സാധ്യമാവുകയുള്ളു.

9. കരാറുകാരനും തൊഴിലാളികളും തമ്മിൽ ഉണ്ടാകുന്ന യാതൊരു തർക്കത്തിനു യൂണിവേഴ്സിറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

10.ഏവിയൻ റിസർച്ച് സ്റ്റേഷനു കീഴിലുള്ള ഫാമുകളിലേക്ക് തീറ്റ എത്തിച്ച് നൽകുന്നതിനാവശ്യമായ വാഹനത്തിന് കുറഞ്ഞത് 1.2 ടൺ പെർമിറ്റ് ഉണ്ടായിരിക്കണം.

**11.ജൈവ സുരക്ഷ പ്രാധാന്യമുള്ളതിനാൽ കോഴി, താറാവ്, അനുബന്ധ ഉത്പന്നങ്ങൾ എന്നിവ കയറ്റുന്ന വാഹനങ്ങൾ ഈ ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല.**

12. ക്വട്ടേഷനിൽ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡിപ്പോസിറ്റായി **10,000/-** രൂപ ഓഫീസിൽ നേരിട്ട് അടയ്ക്കേണ്ടതാണ്.

13.ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിൻമാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും

14.വാഹനത്തിൻറെ അറ്റകുറ്റ പണികൾ കരാറുകാരൻ സ്വന്തം ചിലവിൽ നടത്തേണ്ടതാണ്. കരാർ കാലയളവിൽ വാഹനത്തിനോ മറ്റു സ്വത്തുക്കൾക്കോ ജീവനോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സർവകലാശാലക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

15.ഡ്രൈവറുടെ വേതനം, ഇന്ധനം, എന്നിവക്കുള്ള ചെലവ് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

16.സ്പെഷ്യൽ ഓഫീസർക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ , 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.

17.കരാറുകാരൻ **200** രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെയ്ക്കേണ്ടതാണ്

18.തൃപ്തികരമായ രീതിയിൽ ഫീഡ് വിതരണം ചെയ്ത ശേഷമെ ബിൽ തുക അനുവദിക്കുകയുള്ളൂ. ഫീഡ് തൃപ്തികരമായ രീതിയിൽ വിതരണം ചെയ്ത ശേഷം ഒരു മാസത്തെ മൊത്തം ബിൽ കയറ്റിറക്ക് കൂലി ഉൾപ്പെടെ നൽകേണ്ടതാണ്.യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.

REVOLVING FUND POULTRY PROJECT * AVIAN RESEARCH STATION KVASU THIRUVAZHAMKUNNU

19.കരാറുകാരൻ നിശ്ചിത സമയത്ത് വാഹനം ലഭ്യമാക്കാതിരിക്കുകയോ ഇടക്കുവെച്ച് നിർത്തുകയോ ചെയ്താൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് കരാർ നൽകുന്നതായിരിക്കും.

20.ആദായ നികുതി അടക്കം എന്തെങ്കിലും നികുതികൾ അടക്കേണ്ടതുണ്ടെങ്കിൽ നികുതി തുക ബില്ലിൽ നിന്നും കിഴിച്ച് ബാക്കി തുക മാത്രമേ കരാറുകാരന് നൽകുകയുള്ളൂ.

21.സ്പെഷ്യൽ ഓഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികളോ ആവശ്യപ്പെടുന്ന സമയത്ത് കരാറുകാരൻ കൃത്യമായി ഡ്രൈവറെയും വാഹനവും ഏർപ്പാടാക്കുകയും കൃത്യസമയത്ത് ഫീഡ് ഫാമുകളിൽ തൃപ്തികരമായ രീതിയിൽ എത്തിക്കുകയും ചെയ്യണം.

22.വാഹനത്തിനു എന്തെങ്കിലും തകരാർ സംഭവിച്ചാൽ പകര സംവിധാനം കരാറുകാരൻ ഉണ്ടാക്കേണ്ടതും, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചിലവിൽ സ്ഥാപനം തന്നെ വേറെ വാഹനം ലഭ്യമാക്കുകയും ചെയ്യുന്നതാണ് അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദി ആയിരിക്കും.

23.സ്പെഷ്യൽ ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികളോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. **14.01.2026, 11:30** മണി വരെ ലഭ്യമാകുന്ന എല്ലാ ക്വട്ടേഷനുകളും സ്പെഷ്യൽ ഓഫീസറുടെ സൂക്ഷമ പരിശോധനക്ക് വിധേയമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേൽ പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പു നൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്.

24.വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

25.ഈ ക്വട്ടേഷനിൽ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണം ബോധിപ്പിക്കാതെ ക്വട്ടേഷൻ നിരാകരിക്കരിക്കുന്നതിനുമുള്ള പരിപൂർണ അവകാശം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

26.ഗവണ്മെന്റ് ക്വട്ടേഷനുകളുടെ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

സ്പെഷ്യൽ ഓഫീസർ & പി.ഐ

Special Officer & PI
Revolving Fund Poultry Project
Avian Research Station
KVASU, Thiruvazhamkunnu

REVOLVING FUND POULTRY PROJECT AVIAN RESEARCH STATION KVASU THIRUVAZHAMKUNNU

പകർപ്പ്: നോട്ടീസ്ബോർഡ്

സി.എ.എസ്.എം./എൽ.ആർ.എസ്.തിരുവാഴാംകുന്ന്/ഫയൽ/ കെ.വി.എസ്.യു. വെബ്സൈറ്റ് /മെയിൻ ഗേറ്റ്